Vol. 10, Issue: 30

# എമ്മാവൂസ് വചനദർശൻ



മംഗളവാർത്താക്കാലം
4-ാം ഞായർ

# ജോസഫ് നീതിമാനായിരുന്നു

ബ്രദർ വിനു കെ. ജെയിംസ് MCBS

മംഗളവാർത്തയിലെ നാലാം ഞായറാഴ്ച ദൈവപുത്രന്റെ ജനനത്തെയും അതിന് വഴിയൊരുക്കിയവരെയും നാം ധ്യാനവിഷയമാക്കുന്നു. ദിവ്യശിശുവിനെ ഹൃദയത്തിൽ പുൽക്കൂടൊരുക്കി സ്വീകരിക്കാനായി നോമ്പു നോക്കിയും പുണ്യപ്രവൃത്തികൾ ചെയ്തും കാത്തിരിക്കുന്ന ഓരോരുത്തരുടെയും ധ്യാനവിചിന്തിനത്തിനായി സഭാ മാതാവ് നൽകിയിരിക്കുന്ന വചനഭാഗം വി.മത്തായി 1:18–25 വരെയുള്ള വാക്യങ്ങളാണ്. യേശുവിന്റെ ജനനം ആകസ്മികമായ ഒരു സംഭവമല്ല; ദൈവത്തിന്റെ മാത്രം പ്രവർത്തനവുമല്ല. അത് പ്രവചനങ്ങളുടെ പൂർത്തീകരണവും മനുഷ്യ സഹകരണത്തിന്റെ ഉദാത്ത മാതൃകയുമാണ്. ഇന്നത്തെ സുവിശേഷം നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന വ്യക്തിത്വം ഒരു ജീവചരിത്രം പോലും ഭൂമിയിൽ സ്വന്തമായി അവകാശപ്പെടാനില്ലാത്ത കർമ്മനിരതനായ വി. യൗസേപ്പിതാവിന്റേതാണ്. നിശബ്ദനായി തന്റെ ദൗത്യം നിർവ്വഹിച്ച് യൗസേപ്പ് തിരശീലക്കു പിന്നിൽ മറയുന്നു.

സുവിശേഷത്തിൽ 'നീതിമാൻ' എന്ന വിശേഷണം നൽകപ്പെട്ടിരിക്കുന്ന വ്യക്തിയാണ് യൗസേപ്പിതാവ്. നീതിമാൻ എന്ന പദത്തിന് വി. ഗ്രന്ഥത്തിൽ വളരെ ആഴമേറിയ അർത്ഥമുണ്ട്. വി.ഗ്രന്ഥത്തിൽ നീതിമാൻ എന്ന പദത്തിന് നൽകുന്ന നിർവ്വചനമാണ് 15-ാം സങ്കീർത്തനം. 11 ഗുണവിശേഷങ്ങൾ നീതിമാന് ചാർത്തിക്കൊടുക്കുന്നു. കറ കൂടാതെ ജീവിക്കുന്നവൻ എന്നു തുടങ്ങി, പതിനൊന്നു നന്മകൾ ഒത്തിണങ്ങുന്നവനാണ് നീതിമാൻ. യൗസേപ്പിതാവിനെ നീതിമാൻ എന്ന് സുവിശേഷകൻ വിശേഷിപ്പിച്ചെങ്കിൽ അത് വെറുമൊരു ഭംഗിവാക്കല്ല. എന്നാൽ ഈ നീതിയുടെ വീക്ഷണം പലപ്പോഴും നമുക്ക് അഗ്രാഹ്യമാണ്. Who is a gentle man? എന്ന ചോദ്യത്തിന് മനഃശാസ്ത്രലോകം നൽകുന്ന ഉത്തരം. One who doesnot inflict pain on others എന്നാണ്.

നിയമത്തിന്റെ ചട്ടക്കൂട്ടിൽ മാത്രം ഒതുക്കി

നിറുത്തിക്കൊണ്ട് യൗസേപ്പ് എന്ന നീതിമാനെ നിർവ്വചിക്കാൻ നമുക്ക് സാധിക്കുകയില്ല. നിയമം അനുസരിക്കുന്നവൻ നീതിമാനാണെങ്കിൽ യൗസേപ്പ് നീതിമാനെ ആകുമായിരുന്നില്ല. യഹൂദമത പാരമ്പര്യത്തിലെന്നല്ല എല്ലാ ലോക മതങ്ങളിലും അവിവാഹിതയായ ഒരു സ്ത്രീ ഗർഭവതിയാകുക എന്നത് കഠിനമായ ഒരു തെറ്റ് തന്നെയാണ്. യഹൂദ നിയമപ്രകാരം (നിയമ. 22:23-24) കല്ലെറിഞ്ഞു കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവളാണ് അത്തരത്തിലുള്ളവൾ.

യൗസേപ്പിതാവിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകൾ ഒരു പക്ഷേ നാമോരുത്തരിലൂടെയും കടന്നുപോയാൽ, നാം എടുക്കുന്ന തീരുമാനത്തിൽ തെറ്റു സംഭവിക്കാം. മറിയം നേരിടുന്ന അപമാനം നാടുമുഴുവൻ വഴിപിഴച്ചവൾ എന്ന മുദ്രകുത്തപ്പെടലാണ്. ഒരു പക്ഷെ അവൾ കല്ലെറിഞ്ഞു കൊല്ലപ്പെട്ടുവെന്നും വരാം. മറിയം വഴി കുടുംബത്തിന്റെ സൽപേര് നശിക്കും. യൗസേപ്പ് ഒരു ഉത്തമ യഹൂദനെന്ന പേര് നേടിയെടുക്കാൻ തുനിഞ്ഞിരുന്നെങ്കിൽ മിശിഹാ ചരിത്രം മറ്റൊരു തരത്തിലായെനെ... ഇനി യൗസേപ്പ് ഈ പ്രതിസന്ധി ഘട്ടത്തിൽ നാടുവിട്ടാൽ മറിയത്തെ ചതിച്ച് നാടുവിട്ടവനെന്ന ദുഷ്പേരും സ്വന്തമാകുമായിരുന്നു. അതോടൊപ്പം കുഞ്ഞിന്റെ പിതൃത്വവും യൗസേപ്പിന്റെ പേരിലാവും. ഇത് യൗസേപ്പിന്റെ കുടുംബ മഹിമയെ പ്രതികൂലമായി ബാധിക്കും.

യൗസേപ്പിതാവ് കടന്നു പോകുന്ന ജീവിത വഴികൾ ദുർഘടങ്ങളാണ്. മറിയത്തിലർപ്പിച്ച വിശ്വാസം തകർക്കപ്പെട്ടുവെന്ന് തോന്നിയ നിമിഷങ്ങൾ. നിയമകാർക്കശ്യത്തിന്റെയും ആത്മാർത്ഥ സ്നേഹത്തിന്റെയും മദ്ധ്യേ അകപ്പെട്ടതിന്റെ നൊമ്പരം. എന്നാൽ ഇവയുടെ കെട്ടുകൾ പൊട്ടിച്ച് യൗസേപ്പിതാവ് പുറത്തു വന്നതാകട്ടെ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് തീരുമാനം എടുത്തപ്പോഴാണ്. ദൈവത്തോടു ചേർന്നു ചിന്തിക്കുമ്പോഴാണ് മാനുഷികനീതിയെ അതിശയിക്കുന്ന ദൈവനീതിയുടെ തലത്തിലേക്ക് ഉയരാനാവുക. കല്ലെറിഞ്ഞു കൊല്ലേണ്ടവളല്ല, കാത്തു സംരക്ഷിക്കപ്പെടേണ്ടവളാണ് മറിയം എന്ന കാഴ്ചപ്പാട് ദൈവഹിതം ഉൾക്കൊള്ളുന്ന യൗസേപ്പിതാവിന്റെ നീതിബോധത്തിന്റെ നേർസാക്ഷ്യമാണ്.

ദൈവദൂതൻ യൗസേപ്പിതാവിനെ 'ദാവീദിന്റെ പുത്രനായ ജോസഫ്' എന്നാണ് സംബോധന ചെയ്യുന്നത്. രക്ഷകനെക്കുറിച്ചുള്ള പഴയനിയമ പ്രതീക്ഷകളുടെ മുഴുവൻ ഭാരവും പേറുന്ന പദമാണത്. എന്നാൽ ദൈവത്തിന്റെ കരം പിടിച്ചുകൊണ്ട് തീരുമാനം എടുത്തപ്പോൾ അത് ദൈവീകപദ്ധതിയോട് ചേർന്നു പോകുന്നതായി. യൗസേപ്പിതാവിന്റെ നീതിബോധം പഴയനിയമചിന്തകൾ പൊളിച്ചെഴുതുന്ന യേശുവിന്റെ മുൻഗാമിയായിപ്പോലും അദ്ദേഹത്തെ കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ആധുനിക മനുഷ്യന്റെ പ്രതിനിധിയാണ് വി. യൗസേപ്പ്. കരകാണാകയത്തിൽപ്പെട്ടതുപോലെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ, മാനസിക സംഘർഷങ്ങൾക്കു നടുവിൽ ഒറ്റക്കാണെന്ന തോന്നലുണ്ടാവുമ്പോൾ. സങ്കീർത്തനം 91:15 പറയുന്നതുപോലെ 'വിളിച്ചപേക്ഷിക്കുമ്പോൾ ഉത്തരം നൽകുന്ന ഒരു ദൈവസാന്നിധ്യം' അനുഭവിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ദൈവീക പദ്ധതിയോട് ചേർന്നുനിന്നുകൊണ്ട്, ജീവിതവഴിയാത്രയിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ, നാമോരോരുത്തരും യൗസേപ്പിതാവിനെപ്പോലെ ഒരു നീതിമാനായി മാറുന്നു.

ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ, മനുഷ്യൻ ദൈവത്തോളം ഉയർത്തപ്പെട്ടു. കാരണം, മനുഷ്യൻ ദൈവത്തോടൊപ്പം പ്രവർത്തിക്കാൻ യോഗ്യനാക്കപ്പെട്ടു. യേശുവിന്റെ ജനനം ദൈവത്തോടുള്ള യൗസേപ്പിതാവിന്റെ സഹകരണത്തിന്റെയും കഥയാണ്. ദൈവത്തോടു സഹകരിച്ച് പ്രവർത്തിക്കേണ്ടവനാണ് മനുഷ്യൻ എന്ന തിരിച്ചറിവിലേക്ക് ഇത് നമ്മെ നയിക്കുന്നു.

നീതിമാനായ യൗസേപ്പിതാവ് നീതിമാനായത് ദൈവത്തോടൊപ്പം നടന്നതുകൊണ്ടാണ്. ദൈവപുത്രന്റെ ജനനത്തിന് ഇത് ആവശ്യമായിരുന്നു. ദൈവത്തോടൊപ്പം ചേർന്നു നിൽക്കുന്ന അനുഭവമാണ് ഓരോ വി.കുർബ്ബാനയും പങ്കുവയ്ക്കുന്നത്. ദിവ്യശിശുവിന്റെ ജനനത്തിനായി അടുത്തൊരുങ്ങുന്ന ഈ നാളുകളിൽ, നമ്മിലൂടെ ലോകത്തിൽ അവതരിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തിന് ആ സാധ്യത സാക്ഷാത്കരിക്കാൻ നമ്മുടെ ജീവിതം നിമിത്തമാകട്ടെ!... ആ കൃപാവരത്തിനായി ഈ വി. ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.